പതിനാറാം കേരളനിയമസഭ

രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 1845 **26-10-2026-ൽ മറുപടിയ്ക്ക്**

വയോമിത്രം പദ്ധതി

ചോദ്യം ഉന്നയിച്ച അംഗങ്ങൾ	**മറുപടി നൽകിയ മന്ത്രി**
ശ്രീ. പി. കെ. പ്രവീൺ	ശ്രീ. വി. ഡി. സതീശൻ (മുഖ്യമന്ത്രി)

(എ) വയോമിത്രം പദ്ധതി വഴി ലഭ്യമാകുന്ന ആനുകൂല്യങ്ങളും അവ ലഭിക്കുന്നതിനുള്ള മാനദണ്ഡങ്ങളും എന്തൊക്കെയാണെന്ന് വിശദമാക്കാമോ;

മറുപടി: നഗരപ്രദേശങ്ങളിലെ 65 വയസ്സ് പൂർത്തിയായ പൗരന്മാരുടെ ആരോഗ്യപരിരക്ഷയും മാനസിക ഉല്ലാസവും ഉറപ്പാക്കുന്നതിനായി വയോമിത്രം പദ്ധതി നടപ്പിലാക്കി വരുന്നു.

പദ്ധതിയിൽ രജിസ്റ്റർ ചെയ്യുന്നവർക്ക് വരുമാന പരിധിയില്ലാതെ സൗജന്യമായി ജീവിതശൈലീ രോഗങ്ങൾക്കുള്ള മരുന്നുകൾ, പാലിയേറ്റീവ് പരിചരണം, ഹെൽപ്പ്ഡെസ്ക് സേവനം, കൗൺസിലിംഗ്, വാതിൽപ്പടി സേവനം എന്നിവ ലഭ്യമാക്കുന്നു. ഹെൽപ്പ് ഡെസ്ക് മുഖേന പുനരധിവാസം, നിയമസഹായം, കിടപ്പിലായ വയോജനങ്ങൾക്കുള്ള സഹായം എന്നിവ നേരിട്ടോ ബന്ധപ്പെട്ട സ്ഥാപനങ്ങളിലേക്ക് റഫർ ചെയ്തോ ലഭ്യമാക്കുന്നു.

ആനുകൂല്യങ്ങൾ ലഭിക്കുന്നതിനുള്ള മാനദണ്ഡങ്ങൾ:

1) അപേക്ഷകന് 65 വയസ്സ് പൂർത്തിയായിരിക്കണം.

2) പദ്ധതി നടപ്പിലാക്കുന്ന ബന്ധപ്പെട്ട തദ്ദേശ സ്വയംഭരണ സ്ഥാപനത്തിലെ സ്ഥിര താമസക്കാരായിരിക്കണം.

3)പദ്ധതിയിൽ രജിസ്റ്റർ ചെയ്തിരിക്കണം.

(ബി) വയോമിത്രം പദ്ധതി പ്രകാരം ലഭ്യമായിക്കൊണ്ടിരുന്ന മരുന്നുകളും ഉപകരണങ്ങളും മറ്റും മാസങ്ങളായി ലഭിക്കുന്നില്ലെന്ന പരാതി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;വിശദാംശം നൽകാമോ;

മറുപടി: വയോമിത്രം പദ്ധതി നിലവിൽ സംസ്ഥാനത്തെ 6 കോർപ്പറേഷനുകളിലും 85 മുനിസിപ്പാലിറ്റികളിലും 4 ബ്ലോക്ക് പഞ്ചായത്തുകളിലും നടപ്പിലാക്കിവരുന്നു. വയോമിത്രം പദ്ധതി പ്രകാരം മരുന്നുകളുടെ വിതരണത്തിലുണ്ടായ തടസ്സങ്ങൾ പരിഹരിച്ച് വിതരണം സുഗമവും തടസ്സരഹിതവുമാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

(സി) വയോമിത്രം പദ്ധതി നിലവിലുണ്ടോ; ഇല്ലെങ്കിൽ,പദ്ധതി നിർത്തിവെക്കാനിടയായ സാഹചര്യം വിശദമാക്കുമോ;

<u>മറുപടി:</u> വയോമിത്രം പദ്ധതി നിലവിൽ സംസ്ഥാനത്തെ 6 കോർപ്പറേഷനുകളിലും 85 മുനിസിപ്പാലിറ്റികളിലും 4 ബ്ലോക്ക് പഞ്ചായത്തുകളിലും നടപ്പിലാക്കിവരുന്നു. വയോമിത്രം പദ്ധതി പ്രകാരം മരുന്നുകളുടെ വിതരണത്തിലുണ്ടായ തടസ്സങ്ങൾ പരിഹരിച്ച് വിതരണം സുഗമവും തടസ്സരഹിതവുമാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

(ഡി) വയോമിത്രം പദ്ധതിയുടെ ഗുണഭോക്താക്കൾക്ക് ലഭിച്ചുകൊണ്ടിരിക്കുന്ന ആനുകൂല്യങ്ങൾ തടസ്സമില്ലാതെ തുടരുന്നതിനായി എന്തെല്ലാം നടപടികളാണ് സ്വീകരിക്കുകയെന്ന് വ്യക്തമാക്കുമോ?

<u>മറുപടി:</u> വയോമിത്രം പദ്ധതിയുടെ ഗുണഭോക്താക്കൾക്ക് ലഭിച്ചുകൊണ്ടിരുന്ന ആനുകൂല്യങ്ങൾ തടസ്സമില്ലാതെ ലഭ്യമാക്കാൻ വേണ്ടി ഭരണപരമായ നടപടികൾ സർക്കാർ സ്വീകരിച്ചുവരുന്നു.

സെക്ഷൻ ഓഫീസർ